بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**02-1-2026**

# ഹദ്റത്ത് അഹ്മദി(അ)ന്റെ ദൈവാനുരാഗം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദ്, തഅവ്വുദ് സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്ത് ശേഷം ഹുസൂർ അൻവർ(അയ്യദഹുല്ലാഹ്..) അരുളി:

കഴിഞ്ഞ ഖുതുബയിൽ ദൈവസ്നേഹം എന്ന വിഷയത്തിൽ തിരുനബി(സ)യുടെ ഉദാത്തമായ മാതൃകയെക്കുറിച്ച് ചില കാര്യങ്ങൾ വിവരിക്കുകയുണ്ടായി. ഈ കാലഘട്ടത്തിൽ തിരുനബി(സ)യുടെ സത്യസന്ധനായ ദാസൻ തന്റെ യജമാനനോടുള്ള പൂർണ്ണമായ അനുസരണത്തിലും അനുധാവനത്തിലും ആ ദൈവസ്നേഹത്തിന്റെ ഉന്നത നിലവാരം നിലനാട്ടുകയുണ്ടായി. തത്ഫലമായി ഫലമായി അവിടുത്തേക്ക് ലഭിച്ച ദിവ്യാനുഗ്രഹങ്ങളും അല്ലാഹുവിനോട് അവിടുത്തേക്കുണ്ടായിരുന്ന സ്നേഹവും ജനങ്ങൾ പോലും അനുഭവിച്ചറിഞ്ഞിരുന്നു. ഇതു സംബന്ധമായി ചില സംഭവങ്ങൾ ഞാൻ വവരിക്കാം. അതിനുമുൻപ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെതന്നെ വാക്കുകളിൽ ആ സ്നേഹത്തെക്കുറിച്ച് ഞാൻ പരാമർശിക്കാം. അവിടുന്ന് ഒരിടത്ത് പറയുന്നു:

എന്റെ ഏത് പ്രവൃത്തി കാരണമാണ് ദൈവികമായ ഈ അനുഗ്രഹം എനിക്ക് ലഭിച്ചതെന്ന് വിവരിക്കാൻ എനിക്ക് കഴിയില്ല. എന്നാൽ പ്രകൃത്യാതന്നെ എന്റെ ഹൃദയത്തിന് അല്ലാഹുവിനോട് വിശ്വസ്തത നിറഞ്ഞ ഒരു ആകർഷണമുണ്ടെന്ന് ആന്തരികമായി ഞാൻ അനുഭവിച്ചറിയുന്നു; ആ ആകർഷണത്തെ തടയാൻ ഒന്നിനും സാധിക്കില്ല. അതിനാൽ ഇതെല്ലാം അവന്റെ കൃപ മാത്രമാണ്. അല്ലാഹു എന്നോട് ചെയ്ത വലിയ ഔദാര്യംആണത്. അല്ലാഹുവിന്റെ പ്രിയനബി(സ)യെ പൂർണ്ണമായി പിൻതുടരുന്നവനും അവിടുത്തെ സ്നേഹിക്കുന്നവനും ആയതുകൊണ്ടാണ് തനിക്ക് ഇതെല്ലാം ലഭിച്ചത്. അതിന്റെ ഫലമായി അല്ലാഹുവിന്റെ സ്നേഹകവാടങ്ങൾ എനിക്ക് മുന്നിൽ തുറന്നുകൊണ്ടിരുന്നു.

അവിടുന്ന് പറയുന്നു:

പള്ളികൾ എന്റെ വാസസ്ഥലമാകുന്നു. സദ്വൃത്തർ എന്റെ സഹോദരങ്ങളാകുന്നു. ദൈവസ്മരണ എന്റെ സമ്പത്ത് ആകുന്നു. അവന്റെ സൃഷ്ടികൾ എന്റെ കുടുംബമാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിടത്ത് വിവരിക്കുന്നു:

നമ്മൾ ഏതൊരു വസ്തുവിനെയും സ്നേഹിക്കുന്നത് അല്ലാഹുവിന് വേണ്ടി മാത്രമാണ്. യാതൊന്നിനും ഞങ്ങളുടെ ബന്ധം തകർക്കാൻ കഴിയില്ല. അവന്റെ പ്രതാപത്തെയും പ്രൗഢിയെയും ചൊല്ലി  സത്യം, അവന്റെ ദീനിന്റെ മഹത്വം പ്രകടമാകുന്നതിനേക്കാളും അവന്റെ പ്രതാപം തിളങ്ങുന്നതിനേക്കാളും അവന് ആധിപത്യം ലഭിക്കുന്നതിനേക്കാളും എനിക്ക് പ്രിയപ്പെട്ടതായി ഇഹലോകത്തിലും

പരലോകത്തിലും മറ്റൊന്നുമില്ല.
ഹദ്റത്ത് മുൻശി മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി(റ) നിവേദനം ചെയ്യുന്നു: ഒരിക്കൽ അവിടുന്ന് ഇപ്രകാരം അരുളി: പരീക്ഷണം ഉണ്ടാകുമ്പോൾ നമ്മുടെ ജമാഅത്തിലെ ദുർബലമനസ്സുകളെക്കുറിച്ചാണ് എനിക്ക് ആശങ്കയുണ്ടാകാറുള്ളത്.
തുടർന്ന് അവിടുന്ന് അരുളി:
എന്റെ അവസ്ഥ ഇതാണ്: നീ തിരസ്കൃതനാണ്. നിന്റെ യാതൊരു ആഗ്രഹവും നാം നിറവേറ്റുകയില്ല എന്ന് അല്ലാഹു എന്നോട് നേരിട്ട് പറഞ്ഞാൽ പോലും, ദൈവത്തോടുള്ള എന്റെ സ്നേഹത്തിലോ ദീനീസേവനത്തിലോ യാതൊരു കുറവും വരികയില്ലെന്ന് ദൈവനാമത്തിൽ ഞാൻ സത്യം ചെയ്യുന്നു.
ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ (റ) ഇപ്രകാരം ഒരു നിവേദനം വിവരിക്കുന്നു: അല്ലാഹുവോടുള്ള സ്നേഹം അവിടുത്തെ അന്തരാത്മാവിലെ ഓരോ അണുവിലും അലതല്ലിയിരുന്നു. അവിടുത്തെ ഓരോ വാക്കിലും പ്രവൃത്തിയിലും അത് തെളിഞ്ഞുനിന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) വിവരിക്കുന്നു: ഇവിടെ ഒരാളുണ്ടായിരുന്നു, പിന്നീട് അദ്ദേഹം ജമാഅത്തിൽ പ്രവേശിച്ചു. ഹദ്റത്ത് സാഹിബുമായി അദ്ദേഹത്തിന് നല്ല ബന്ധമായിരുന്നു. എന്നാൽ അഹ്മദിയാകുന്നതിന് മുൻപ് 20 വർഷത്തോളം ഹദ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തോട് നീരസം കണിച്ചു. തന്റെ മകൻ മരിച്ചപ്പോൾ അല്ലാഹു തന്നോട് വലിയ അക്രമം ചെയ്തു എന്ന് അദ്ദേഹം പറഞ്ഞായിരുന്നു ഇതിനുകാരണം. പിന്നീട് അല്ലാഹു അദ്ദേഹത്തിന് തൗഫീഖ് നൽകുകയും അദ്ദേഹം അത്തരം അജ്ഞതകളിൽ നിന്ന് മോചിതനാവുകയും ചെയ്തു.
ഹദ്റത്ത് മിർസാ ബശീർ അഹ്മദ്സാഹിബ് (റ)വിവരിക്കുന്നു: ഹദ്റത്ത് മസീഹ്മൗഊദ് (അ)ന് തലചുറ്റലിന്റെ അസുഖമുണ്ടായിരുന്നു. അസുഖം ഭേദമാക്കാൻ പ്രത്യേക കഴിവുള്ള ഒരു വൈദ്യനെ അകലെ നിന്ന് വിളിച്ചുവരുത്തി. അവിടുത്തെ പരിശോധിച്ച ശേഷം അയാൾ പറഞ്ഞു: രണ്ട് ദിവസത്തിനുള്ളിൽ ഞാൻ നിങ്ങളെ സുഖപ്പെടുത്താം. അവിടുന്ന് അയാളെക്കൊണ്ട് ചികിത്സിപ്പിക്കാൻ അനുവദിച്ചില്ല. കാരണം അയാൾ ദൈവമാണെന്ന് അവകാശപ്പെടുകയാണ്. അല്ലാഹുമാത്രമാണ് രോഗശമനം നല്കുന്നവൻ.
ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി ഇർഫാനി (റ) വിവരിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു:ഡൽഹൗസി സന്ദർശിക്കാൻ അവസരമുണ്ടായപ്പോഴെല്ലാം അവിടുത്തെ പച്ചപ്പും മലനിരകളും ഒഴുകുന്ന അരുവികളും കാണുമ്പോൾ സ്വയമറിയാതെ തന്റെ മനസ്സിൽ അല്ലാഹുവിനെ സ്തുതിക്കാനുള്ള ആവേശം ഉണ്ടാകുമായിരുന്നു. ആരാധനകളിൽ(ഇബാദത്ത്)പ്രത്യേക അനുഭൂതി ലഭിക്കുമായിരുന്നു.
ഹദ്റത്ത് മൗലാ ബക്ഷ് സാഹിബ് വിവരിക്കുന്നു: സാഹിബ്സാദ മിർസാ മുബാറക് അഹ്മദ് രോഗബാധിതനായിരുന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) വലിയ ആശങ്കയിലായിരുന്നു. സാഹിബ് സാദാ സാഹിബിന്റെ വിയോഗത്തിന് ശേഷം ചില സഹാബാക്കാൾ അനുശോചനം അറിയിക്കാനായി വന്നു. എന്നാൽ ഹുസൂർ പള്ളിയിലേക്ക് വന്നപ്പോൾ സാധാരണയേക്കാൾ കൂടുതൽ സന്തോഷവാനായാണ് കാണപ്പെട്ടത്. അവിടുന്ന് അരുളി: മുബാറക് അഹ്മദ് വിടവാങ്ങി. എന്റെ നാഥന്റെ വാക്ക് പുലർന്നു. ഈ മകൻ ഒന്നുകിൽ വേഗത്തിൽ മരണപ്പെടുമെന്നോ അല്ലെങ്കിൽ വലിയ ദൈവഭക്തനാകുമെന്നോ അല്ലാഹു എന്നോട് നേരത്തെ പറഞ്ഞിരുന്നു. അല്ലാഹു അവനെ വിളിച്ചു. ഒരു മുബാറക് അഹ്മദ് അല്ല, ഒരായിരം പുത്രന്മാർ ഉണ്ടാവുകയും അവർ മരിക്കുകയും ചെയ്താലും ശരി, എന്റെ നാഥൻ തൃപ്തനാണെങ്കിൽ, അതായത് അവന്റെ പ്രവചനം പുലരുകയാണെങ്കിൽ അതിലാണ് എന്റെയും സന്തോഷം.
ലുധിയാനയിലെ മുൻഷി അഹ്മദ് ജാൻ സാഹിബ് ഹജ്ജിന് പോകാൻതയ്യാറെടുത്തപ്പോൾ, ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) അദ്ദേഹത്തിന് ഇപ്രകാരം കത്തെഴുതി: എന്റെ വിനീതമായ ഒരു അഭ്യർഥന താങ്കൾ ഓർമവയ്ക്കുക. താങ്കൾ കഅ്ബാലയം സന്ദർശിക്കുമ്പോൾ, ഈ നിസ്സാരനായ ദൈവദാസന്

വേണ്ടി ആ പുണ്യസ്ഥലത്ത് വെച്ച് ഇപ്രകാരം അപേക്ഷിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു: അല്ലയോ അർഹമുർ റാഹിമീൻ! നിന്റെ ഭൂമിയിൽ, ഇന്ത്യയെന്ന രാജ്യത്ത് നിസ്സാരനും പാപിയും അയോഗ്യനുമായ അഹ്മദ് എന്ന നിന്റെ ഒരു ദാസനുണ്ട്. അദ്ദേഹം ഇപ്രകാരം അപേക്ഷിക്കുന്നു: അല്ലയോ കാരുണ്യവാനായ തമ്പുരാനേ! നീ എന്നിൽ സംപ്രീതനാവുകയും എന്റെ തെറ്റുകളും പാപങ്ങളും പൊറുത്തു തരികയും ചെയ്യേണമേ. നീ ഏറെ പൊറു ക്കുന്നവനും കരുണാനിധിയുമാണല്ലോ.നിനക്ക് ഏറ്റവും പ്രിയപ്പെട്ട പ്രവൃത്തികൾ എന്നെ ക്കൊണ്ട് ചെയ്യിക്കേണമേ. എനിക്കും എന്റെ ദേഹേച്ഛയ്ക്കും ഇടയിൽ ധ്രുവാന്തരം സംജാ തമാക്കേണമേ. എന്റെ ജീവിതവും മരണവും എനിക്കുള്ള എല്ലാ ശക്തിയും നിന്റെ മാർ ഗ്ഗത്തിൽ മാത്രമാക്കേണമേ. നിന്റെ സ്നേ ഹത്തിൽ എന്നെ ജീവിപ്പിക്കുകയും നിന്റെ സ്നേ ഹത്തിൽ തന്നെ എന്നെ മരിപ്പിക്കുകയും നിന്റെ ഉത്തമരായ സ്നേഹിതന്മാരുടെ കൂട്ടത്തിൽ എന്നെ ഉയിർത്തെഴുന്നേൽപ്പിക്കുകയും ചെയ്യേ ണമേ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെ യ്യുന്നു:

ദൈവത്തെ സ്നേഹിക്കുന്നതിനും അവനെ അനുസരിക്കുന്നതിനും കഠിനമായ ശിക്ഷ നൽ കപ്പെടുമെന്ന് എനിക്ക് ഉറപ്പായാൽ പോലും, എന്റെ പ്രകൃതം ആ പരീക്ഷണങ്ങളെയും കഷ്ടപ്പാടുകളെയും വലിയൊരു സ്നേഹാനു ഭൂതിയോടു കൂടി ഏറ്റുവാങ്ങാൻ തയ്യാറാകു മെന്ന് ഞാൻ സത്യം ചെയ്ത് പറയുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു: എനിക്ക് ലഭിച്ചിട്ടുള്ള ദൃഷ്ടാന്തങ്ങളെ എണ്ണി ത്തീർക്കാൻ എനിക്ക് കഴിയില്ല. നീ തന്നെ യാണ് എന്റെ ദൈവമെന്ന് ഞാൻ നിന്നെ തിരിച്ചറിയുന്നു. അതുകൊണ്ട് തന്നെ, മുല കുടിക്കുന്ന കുഞ്ഞ് തന്റെ അമ്മയെ കാണു മ്പോൾ ആഹ്ലാദിക്കുന്നതുപോലെ നിന്റെ നാമം കേൾക്കുമ്പോൾ എന്റെ ആത്മാവ് തുടിക്കുന്നു. എന്നാൽ ഭൂരിഭാഗം ആളുകളും എന്നെ തിരിച്ചറിഞ്ഞില്ല, എന്നെ സ്വീകരിച്ചതുമില്ല.

തിരുനബി(സ)യെ അനുധാവാനം ചെയ്യുക വഴി ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദിൽ(അ) സംജാതമായ ദൈവാനുരാഗവുമാണിത്. ഇതേ സ്നേഹം വളർത്തിയെടുക്കാൻ അവിടുന്ന് തന്റെ ജമാഅത്തിനോടും ഉപദേശിച്ചു. അവിടുന്ന് അരുളി:

ഏതൊരു ത്യാഗത്തിനും നിങ്ങൾ സന്നദ്ധ രാവുക. അല്ലാഹുവിനുവേണ്ടി നിങ്ങൾ ത്യാഗം ചെയ്യുകയും അവനെ സ്നേഹിക്കുകയും അവനോടുള്ള കടമ നിറവേറ്റുകയും ചെയ് താൽ, അല്ലാഹു നിങ്ങളെയും സ്നേഹിക്കും. അവൻ നിങ്ങളെ എല്ലാ ശത്രുക്കളിൽ നിന്നും എല്ലാ കഷ്ടപ്പാടുകളിൽ നിന്നും സംരക്ഷിക്കും. അവന്റെ പ്രീതിക്കായി നിങ്ങൾ ചെയ്യുന്ന എല്ലാ പ്രവൃത്തികൾക്കും ഈ ലോകത്തും പര ലോകത്തും അല്ലാഹു നിങ്ങൾക്ക് എണ്ണമറ്റ പ്രതിഫലങ്ങൾ നൽകും.

അല്ലാഹു നമ്മെ അവനെ സ്നേഹിക്കുന്നവരും അവന്റെ പ്രിയപ്പെട്ട ദാസന്മാരും ആക്കിത്തീ ർക്കട്ടെ.

ഇന്നലെ മുതൽ പുതുവർഷം ആരംഭിച്ചിരി ക്കുകയാണ്, എല്ലാവരും പരസ്പരം ആശംസ കൾ നേരുന്നുമുണ്ട്. ഈ വർഷം നമുക്ക് എണ്ണ മറ്റ അനുഗ്രഹങ്ങളുടെ വർഷമാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. അല്ലാഹു ശത്രുക്കളു ടെയും എതിരാളികളുടെയും പദ്ധതികളെ തകർക്കുകയും ജമാഅത്തിന് മുൻപത്തേക്കാൾ വലിയ പുരോഗതികൾ നൽകുകയും ചെയ്യട്ടെ. വിദേശ രാജ്യങ്ങളിൽ, പ്രത്യേകിച്ച് സ്വാതന്ത്ര രാജ്യങ്ങളിൽ താമസിക്കുന്ന നമ്മൾ പുതുവ ത്സരം ആഘോഷിക്കുമ്പോൾ, പാകിസ്ഥാനിലും മറ്റും ദൈവമാർഗത്തിൽ തടവിലാക്കപ്പെട്ട നമ്മുടെ സഹോദരങ്ങളെ പ്രാർത്ഥനകളിൽ ഓർക്കുക. കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ സൂചി പ്പിച്ചതുപോലെ, പാകിസ്ഥാൻ ജയിലിൽ കഴിയുന്ന മുബാറക് സാനി സാഹിബിന് ജീവ പര്യന്തം ശിക്ഷ വിധിച്ചിരിക്കുകയാണ്; മറ്റ് പല സഹോദരങ്ങളും തടവറയിലാണ്. ഈ അവ സ്ഥയിലും യാതൊരു പരാതിയുമില്ലാതെ അല്ലാ ഹുവിന് നന്ദി പറഞ്ഞുകൊണ്ടാണ് അവർ പുതു വർഷത്തിലേക്ക് പ്രവേശിക്കുന്നത്. അല്ലാഹു വിന്റെ പ്രീതിക്കായി അവർ കൈകളിൽ ഇരുമ്പ്

വിലങ്ങുകൾ അണിഞ്ഞിരിക്കുകയാണ്. അല്ലാഹു അവരുടെ മോചനം എത്രയും വേഗം എളുപ്പമാക്കട്ടെ. നമുക്കും ആ തടവുകാർക്കും പ്രയാസങ്ങൾ അനുഭവിക്കുന്ന എല്ലാ അഹ് മദികൾക്കും അല്ലാഹുവിനോടുള്ള സ്നേഹ ത്തിന്റെ ഗ്രാഹ്യം മുൻപത്തേക്കാൾ വർദ്ധി പ്പിച്ചു നൽകട്ടെ. പ്രതിസന്ധികൾ കാരണം ദൈവത്തോടുള്ള നമ്മുടെ സ്നേഹം കുറഞ്ഞു പോകുന്നതിന് പകരം അത് വർദ്ധിക്കാൻ ഇടയാകട്ടെ.

ലോകത്ത് അടിച്ചമർത്തപ്പെട്ടവർക്കു വേണ്ടി പ്രാർത്ഥിക്കുക. അക്രമിക്കപ്പെട്ടവരെ അക്രമി കളുടെ കൈകളിൽ നിന്ന് അല്ലാഹു രക്ഷിക്കു കയും ലോകത്ത് സമാധാനം സ്ഥാപിതമാ കുകയും ചെയ്യട്ടെ. ആമീൻ

ഖുതുബയുടെ അവസാനം ഹുസൂർ തിരുമനസ്സ് സയ്യിദ് അഹ്മദ് സാഹിബ് നാസറിന്റെ ഭാര്യ രഹാന ബാസിമ സാഹിബ,- ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ പൗത്രന്റെ പുത്രിയും മിർസാ സുൽത്താൻ അഹ്മദ് സാഹിബിന്റെ പൗത്രിയും മീർ മുഹമ്മദ് ഇസ്ഹാഖ് സാഹി ബിന്റെ ദൗഹിത്രിയുമാണ് അവർ-, ലൈബീ രിയയിലെ മുൻ നാഷണൽ ലജ്ന പ്രസിഡന്റാ യിരുന്ന ഇഫത്ത് ഹലീം സാഹിബയെയും ഈജിപ്തിലെ അബ്ദുൽ അലീം അൽ-ബർബറി സാഹിബിനെയും അനുസ്മരിക്കുകയും അവ രുടെ മഗ്ഫിറത്തിനും ഉന്നത പദവിക്കൾക്കും വേണ്ടി പ്രാർഥിക്കുകയും അവരുടെ ജനാസ ഗൈബ് നിർവഹിക്കുന്നതാണെന്ന് വിളംബരം ചെയ്യുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 02.1.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY BM ARIF
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516